**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 418** **23-02-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ബൈപ്പാസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിയുടെ റിവൈസ്ഡ് ഡി.പി.ആർ. ന് അംഗീകാരം നൽകുന്ന നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദ വിവരങ്ങൾ സഹിതം അറിയിക്കാമോ; | (എ) | കിഫ്ബി നിർദേശിച്ചതിൻപ്രകാരം അംഗീകാരം ലഭിച്ച പുതുക്കിയ അലൈന്മെന്റും എസ്റ്റിമേറ്റും ഉൾപ്പെടെ റിവൈസ്ഡ് DPR പദ്ധതി നിർവഹണ ഏജൻസിയായ (SPV) RBDCK 14-02-2022 ന് സമർപ്പിച്ചിട്ടുണ്ട്. അത് കിഫ്ബി പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ലാൻഡ് അകിസിഷൻ നടപടിക്രമങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ലാൻഡ് അക്വിസിഷൻ നടപടി ക്രമങ്ങൾ ആരംഭിക്കുന്നതിന് SPV സമർപ്പിച്ച പുതുക്കിയ DPR കിഫ്ബി ധനാനുമതി നൽകേണ്ടതായിട്ടുണ്ട്, എന്നിരുന്നാലും ധനാനുമതി നൽകുന്നതിന് മുൻപ് ചെയ്യാൻ കഴിയുന്ന ലാൻഡ് അക്വിസിഷൻ നടപടികൾ കൈക്കൊള്ളാൻ കിഫ്ബി ഉടൻ തന്നെ SPV ക്ക് നിർദ്ദേശം നൽകുന്നതാണ്. |
| (സി) | പ്രസ്തുത ബൈപ്പാസ് പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സമയക്രമം സഹിതം അറിയിക്കാമോ? | (സി) | കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ കാലതാമസം കൂടാതെ തന്നെ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വികളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തി വരുന്നു. പ്രസ്തുത യോഗത്തിൽ ഭരണവകുപ്പും കിഫ്ബിയും മറ്റു ബന്ധപ്പെട്ടവരും ചർച്ച ചെയ്ത് എസ്.പി.വികൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ